**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര** ചിഹ്നമിടാത്ത **ചോദ്യം** നമ്പർ**.5657** **18.11.2019 - ൽ മറുപടിയ്ക്ക്**

**<u>മെഡിക്കൽ ബിരുദ പ്രവേശനത്തിന് അധിക സീറ്റ്</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി)** |
| (എ) മെഡിക്കൽ ബിരുദ പ്രവേശനത്തിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി പത്ത് ശതമാനം അധിക സീറ്റ് അനുവദിക്കണമെന്ന മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഈ സീറ്റ വർദ്ധനവ് മറ്റ് പൊതുസംവരണ സീറ്റുകളെ ബാധിക്കുമോ; അറിയിക്കുമോ; | (ബി) ഇല്ല.നിലവിൽ നില നിൽക്കുന്ന സംവരണ സീറ്റുകളുടെ എണ്ണത്തിൽ കുറവ് വരുത്താതെയാണ് MBBS കോഴ്സിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വേണ്ടിയുള്ള സീറ്റ് വർദ്ധനവ് നടപ്പിലാക്കിയത്. |
| (സി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ വർഷം എത്ര എം.ബി.ബി.എസ്. സീറ്റുകളാണ് വർദ്ധിപ്പിച്ചത്; വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്തെ 7 സർക്കാർ മെഡിക്കൽ കോളേജുകളിലായി സംസ്ഥാന ക്വോട്ടയിൽ 130 സീറ്റുകളും ആൾ ഇന്ത്യ ക്വോട്ടയിൽ 25 സീറ്റുകളും ഉൾപ്പടെ ആകെ 155 EWS ക്വോട്ട സീറ്റുകൾ MBBS കോഴ്സിൽ വർധിപ്പിച്ചിട്ടുണ്ട്. |
| (ഡി) സീറ്റുവർദ്ധനവിന് ആനുപാതികമായി പ്രസ്തുത മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അദ്ധ്യാപകരുടെ എണ്ണം കൂട്ടുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയ്ക്കാനുപാതികമായിട്ടാണ് നിലവിൽ കോളേജുകളിൽ സീറ്റ് വർദ്ധനവ് നടപ്പിലാക്കിയത് |

**സെക്ഷൻ ഓഫീസർ**